(പ്രതിപക്ഷ ബഹളത്തെത്തുടർന്ന നിർത്തിവച്ച സഭ 11.13-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....

സഭാനടപടികൾ അലങ്കോലപ്പെട്ട സാഹചര്യത്തിൽ കക്ഷിനേതാക്കളുടെ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. സഹകരണ രംഗവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു നിയമം ഇന്ന് സഭയിൽ പാസ്സാക്കേണ്ടതുണ്ട്. അത് സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന സന്ദർഭത്തിലും വിശദമായ ചർച്ച നടത്താൻ നമുക്ക് സാധിക്കാതെ വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുകയുണ്ടായി. ആ അഭ്യർത്ഥന സ്വീകരിച്ച് സഭാ നടപടികളുമായി സഹകരിക്കാം എന്ന് പ്രതിപക്ഷം സമ്മതിച്ചിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങളെ വിളിച്ചു, ഞങ്ങൾ ചർച്ചയ്ക്ക് വന്നു. കേരള സഹകരണ സംഘ ബിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്, അതുമായി സഹകരിക്കാൻ തയ്യാറാണ്, പക്ഷേ മെഡിക്കൽ ബില്ലുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിൽ ഞങ്ങൾക്ക്

സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. അതിനുകാരണം കോടതിയുടെ വളരെ ക്ലിയറായിട്ടുള്ള ജഡ്ജ്മെന്റ് വന്ന സാഹചര്യത്തിൽ മന്ത്രി രാജിവയ്ക്കണമെന്ന ആവശ്യം ഞങ്ങൾ ഇപ്പോഴും നിലനിർത്തുകയാണ്. അല്ലെങ്കിൽ ഈ ബിൽ നിയമ വകുപ്പുമന്ത്രി അവതരിപ്പിക്കണം എന്നതാണ് ഞങ്ങളുടെ ആവശ്യം, അതുകൂടി ഞങ്ങൾ മുന്നോട്ട് വയ്ക്കുകയാണ്.

(റിപ്പോർട്ട് സമർപ്പണം)